ലക്കം 10

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## ഒരു വിശ്വാസിയുടെ സ്നാനം

"ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ എന്നാൽ നിങ്ങൾ പാപമോചിതരായിത്തീരും" (അപ്പൊ: 2:38)

1500 കളുടെ ആരംഭത്തിൽ നവീകരണം അതിന്റെ അഗ്നിജ്വാല പ്രകാശിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ മുഴുവനും വേദപുസ്തക സത്യങ്ങൾ ഉണർന്ന് വന്നുകൊണ്ടിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ കീഴിലുള്ള പോപ്പിന്റെ ഭരണത്തോടുകൂടി ആത്മീയ അന്ധകാരം ബാധിച്ച് സഭ അധഃപതിച്ചു. അങ്ങനെയിരിക്കെ 1517-ൽ മാർട്ടിൻ ലൂഥറിന്റെ ആവിർഭാവത്തോടുകൂടി പ്രോട്ടസ്റ്റന്റ് നവീകരണം ഉടലെടുക്കുകയും , റോമൻ കത്തോലിസത്തിന്റെ മൗഢ്യത ജനങ്ങൾ തിരിച്ചറിയാനും തുടങ്ങി. മിക്ക നവീകരണ വക്താക്കളും സുവിശേഷ വെളിച്ചം പൂർണ്ണമായി ഉൾക്കൊള്ളാൻ തയ്യാറാകാതെ പലവിധ ഉപദേശക്കാറ്റുകളാൽ കാലക്രമേണ ആടി ഉലയുന്നവരുമായിരുന്നു.

നവീകരണ ആശയങ്ങളിൽ ആകർഷരായിത്തീർന്ന, സ്വിറ്റ്സർലന്റിൽ നിന്നുള്ള രണ്ടുചെറുപ്പക്കാരായിരുന്നു കോൺറാസ് ഗബ്രിയേലും, ഫെലിക്സും. ശിശുസ്നാനം ഉൾപ്പെടെയുള്ള ദുരുപദേശങ്ങൾ കൊടികുത്തിവാണിരുന്ന കത്തോലിക്കാ സഭയിൽ ദീർഘവർഷങ്ങൾ ചെലവിട്ടവരായിരുന്നു ഇവർ. എന്നാൽ വീണ്ടും ജനനം പ്രാപിച്ച് രക്ഷാനിർണ്ണയം ലഭിച്ചവർക്ക് വിശ്വാസ സ്നാനം സ്വീകരിക്കാം എന്നുള്ള വിശ്വാസസത്യവെളിച്ചം കൃപയാൽ അവർക്ക് ലഭിക്കുകയുണ്ടായി. വിശ്വാസത്താൽ തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യുന്ന ഏതൊരു വ്യക്തിയ്ക്കും 'സ്നാനമേൽക്കാം' എന്നവർ പ്രചരിപ്പിച്ചു തുടങ്ങി.



ശിശുക്കൾക്ക് വിശ്വസിപ്പാനോ മാനസാന്തരപ്പെടുവാനോ കഴിയാത്തതിനാൽ അവർ ശിശുസ്നാനത്തെ നിരസിച്ചു. ശിശുക്കൾ സ്നാനപെടേണ്ടതില്ല എന്ന നിലപാടും സ്വീകരിച്ചു.

ശിശുസ്നാനത്തിന് വചനത്തിൽ യാതൊരു തെളിവോ ഉദാഹരണമോ ഇല്ല. രണ്ടാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിനും, മൂന്നാം നൂറ്റാണ്ടിന്റെ മധ്യകാലയളവിലും ഉടലെടുത്തതാവാം ഈ ശിശുസ്നാനം. കുഞ്ഞുങ്ങൾ സ്നാനമേറ്റാൽ അവർ സ്വർഗ്ഗത്തിന് അവകാശികളാകുമെന്നും അപ്രകാരം അവർക്ക് പാപമോചനം കൈവരുമെന്ന ഒരു ദുരുപദേശം പ്രസ്തുത കാലത്ത് പരക്കെ പ്രചരിക്കപ്പെട്ടു. ജലത്താലുള്ള സ്നാനം ആരുടെയും പാപമോചനത്തിനുള്ളതല്ല. കുഞ്ഞുങ്ങൾ നിരപരാധികളും നിഷ്കളങ്കരുമാണ്. അവർ മനഃപൂർവ്വമായി പാപം ചെയ്യുന്നില്ല. അതിനാൽ അവർ ചെറുപ്പത്തിലെ മരിച്ചുപോയാൽ അവർ സ്വർഗ്ഗത്തിനവകാശികളാകുന്നു.

ശിശുസ്നാനം അനേകരെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്.സ്നാനമേറ്റ കുട്ടികൾ മുതിർന്ന് വരുമ്പോൾ ധൈര്യപ്പെട്ട് ബോധപൂർവ്വം പാപംചെയ്ത്കൊണ്ട് ഞങ്ങൾ സ്നാനമേറ്റതിനാൽ സ്വർഗ്ഗത്തിനവകാശികളാകും എന്ന് ചിന്തിക്കുന്നു. ജനങ്ങൾ യേശുവിൻ രക്തത്താൽ കഴുകൽ പ്രാപിക്കുകയും ശിശുസ്നാനം ദോഷം ചെയ്യുവാനുള്ള ഒരു മറയായിത്തീരാതിരിക്കയും ആകുന്നു വേണ്ടത്.

ശിശുസ്നാനം എതിർക്കുന്നവർ വിശ്വാസികളുടെ രണ്ടാം സ്നാനത്തിന് വേണ്ടി നിലകൊള്ളുന്നവരാണ്. ശിശുസ്നാനം വചനവിരുദ്ധമാണെന്ന് ഞാൻ ആദ്യം തന്നെ പറഞ്ഞുകൊള്ളട്ടെ.


| പത്രാധിപലേഖനം | ബൈബിൾ പഠനം: ജലസ്നാനം | ബൈബിൾ പഠന ഉപപാഠം: ജലസ്നാനം | ചോദ്യവും ഉത്തരവും. | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
|---|---|---|---|---|
| പേജ് 3 | പേജ് 4 | പേജ് 5 | പേജ് 7 | പേജ് 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

രണ്ടാമത്തെ സ്നാനമെന്നത് വിശ്വാസികളുടെ രണ്ടാമത്തെസ്നാനം (ശിശുക്കളായിരിക്കെ സ്നാനപ്പെട്ടവ്യക്തി വീണ്ടും സ്നാനപ്പെടുന്ന രീതി) ആകുന്നു. ഇത്തരത്തിൽ സ്നാനപ്പെട്ടവരെ കത്തോലിക്കാ സഭയും ചില പ്രോട്ടസ്റ്റണ്ട് വിഭാഗക്കാരും ഉപദ്രവിക്കുക പോലും ചെയ്തു പോന്നു. സ്നാനം പ്രസംഗിച്ച ഫെലിക്സിനേയും മറ്റും പല പീഢനങ്ങൾക്ക് ഇരയാക്കുകയും അനേകതവണ ജയിലിലടയ്ക്കുകയും ചെയ്തു. ശിശുക്കളായിരിക്കെ സ്നാനപ്പെടുകയും അതേ സമയം മുതിർന്ന ശേഷം വിശ്വാസസ്നാനം സ്വീകരിക്കുകയും ചെയ്യുന്നവരെ വെള്ളത്തിൽ മുക്കികൊല്ലുവാൻ ഒരു നിയമം. 1526 മാർച്ച് 7-ൽ സ്വിറ്റ്സർലണ്ടിൽ നിലവിൽ വന്നു. ഫെലിക്സ്മാൻസ് എന്ന ദൈവീക മനുഷ്യൻ വീണ്ടും തുറിങ്കലിലടയ്ക്കപ്പെട്ടു. ചിലകാലങ്ങൾക്ക് ശേഷം മോചിക്കപ്പെട്ടപ്പോൾ അദ്ദേഹം വീണ്ടും പ്രസംഗിക്കുകയും സ്നാനശുശ്രൂഷ തുടരുകയും ചെയ്തു. ഭയങ്കര പ്രതികൂല പീഢനകാലത്തും അദ്ദേഹം വിശ്വസ്തനും ദൈവവചനത്തോട് അനുസരണം കാണിച്ചുകൊണ്ട് ഈ ലോകത്തോട് പൊരുത്തപ്പെടാതെ പൊരുതുകയും ചെയ്തു.

1526, ഡിസംബർ 3-ാം തീയതി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും 1527 ജനുവരിയിൽ വെള്ളത്തിൽ മുക്കി കൊന്നുകളയുകയും ചെയ്തു. ഇപ്രകാരം കൊല്ലുന്ന സമ്പ്രദായത്തെ അവർ മൂന്നാം സ്നാനം എന്ന് വിളിച്ച് വന്നു. ഒരു നദിയിലേക്ക് അദ്ദേഹത്തെ കൊണ്ടുപോകുകയും അവിടെ വച്ച് അദ്ദേഹത്തെ നദിയുടെ ആഴത്തിലേക്ക് മുക്കികൊന്നു. "കർത്താവേ എന്റെ ആത്മാവിനെ ഞാൻ നിന്നിൽ ഭാരമേൽപ്പിക്കുന്നു." എന്നതായിരുന്നു അദ്ദേഹത്തിന്റെ അവസാന വാക്കുകൾ! ആങ്ങനെ ആദ്യത്തെ സ്നാനാർത്ഥി രക്തസാക്ഷിയായിത്തീർന്നു.

വിശ്വാസ സ്നാനത്തിന്റെ സത്യം നിലവിൽ വന്നതിന്റെ പിന്നിലുള്ള വില വളരെ വലുതാണ്. ഈ സത്യം ജനങ്ങൾ അറിഞ്ഞതിൽ ഞാൻ ദൈവത്തെ സ്തുതിക്കുകയും ഇനിയും ധാരാളം പേർഇതറിയുവാനും അവരുടെ ജീവിതം ഇതിനായി ഉഴിഞ്ഞ് വയ്ക്കുകയും ചെയ്യട്ടെ. ദൈവജനങ്ങളുടെ ഇടയിൽ വിശ്വാസ സ്നാനത്തിന് അതിന്റെതായ വിലയുണ്ട്, ഗൗരവമുണ്ട്.

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക


ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

അവന്റെ വാക്ക് കൈകൊണ്ടവർ സ്നാനം ഏറ്റു, അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു. (അപ്പൊ: 2:41)

പെന്തക്കോസ്തുനാളിൽ മൂവായിരത്തോളം പേർ രക്ഷിക്കപ്പെട്ടതു അത്ഭുതകരമായ കാര്യമാണ്. പുതിയതായി വന്നവർ സ്നാനപ്പെടുവാൻ പുഞ്ചിരിയോടുകൂടി ജലാശയത്തിലേയ്ക്ക് ഇറങ്ങുന്ന കാഴ്ച എത്ര മനോഹരമാണ്.



ആഫ്രിക്കയിലുള്ള ചിലരെ രക്ഷയിലേയ്ക്ക് കൊണ്ടുവരുവാനും അവരെ മുതലകളുള്ള കുളത്തിൽ സ്നാനപ്പെടുത്തുവാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ സുവിശേഷ പ്രചരണാർത്ഥം, പല രാജ്യങ്ങൾ സന്ദർശിക്കുവാനും രക്ഷിക്കപ്പെട്ടവരെ സ്നാനപ്പെടുത്തുവാനുമുള്ള അവസരം ലഭിച്ചത് നന്ദിനിറഞ്ഞ ഹൃദയത്തോടെ ഞാനോർക്കുന്നു. പാകിസ്ഥാനിലെ തോടുകൾ, ക്യാനഡയിലെ തണുത്തുറഞ്ഞ തടാകം, എന്നിവ അവയിൽ ചിലത് മാത്രം!

സ്നാനത്തെക്കുറിച്ചുള്ള ചില ഉപദേശ സത്യങ്ങളാണ് ഇത്തവണത്തെ പംക്തിയിൽ വിശകലനം ചെയ്യുവാൻ ഞാനാഗ്രഹിക്കുന്നത്. വിശ്വാസസ്നാനം വളരെ അത്യാന്താപേക്ഷിതമായ ഒരു കാര്യമാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ രക്ഷയ്ക്കു ശേഷം ആചരിക്കേണ്ടഒരനുസരണ മാർഗ്ഗമാണ് സ്നാനം.

എന്നന്തരംഗത്തിൽ നിന്നുമുയർന്നുവന്ന ഏറ്റുപറച്ചിലും പുനഃരുത്ഥാന അനുഭവവും എന്നു തുടങ്ങുന്ന ഒരു ഗാനം എന്റെ സ്നേഹിതൻ എഴുതിയിട്ടുള്ളത് ഞാനോർക്കുന്നു. മരണത്തിൽ നിന്നും ജീവനിലേയ്ക്ക് ഉയർത്തിയ ദൈവമേ ഞാൻ നിന്നെ സ്തുതിക്കുന്നു. അങ്ങയുടെ വലിയ സ്നേഹവും ശക്തിയും നിത്യജീവനെ അവകാശമാക്കുവാൻ സാധിച്ചല്ലോ. യഥാർത്ഥത്തിൽ സ്നാനത്തെക്കുറിച്ചുള്ള ആശയം ഉൾക്കൊള്ളുന്ന ആ ഗാനം എത്ര ആനന്ദദായകമാണ്. ഓരോ വായനക്കാർക്കും സ്നാനത്തെക്കുറിച്ചുള്ള ഉപദേശം പ്രചോദനം നൽകട്ടെ!!

**മൈക്കിൾ ഡബ്ല്യൂ സ്മിത്ത്.**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം : ജലസ്നാനം.

**വായനഭാഗം:** ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിപ്പിൻ (മത്തായി. 28:19)

**രത്നചുരുക്കം:** വെള്ളത്താലുള്ള സ്നാനം ക്രിസ്തു യേശുവിലുള്ള വിശ്വാസികളോടുള്ള കല്പനയത്രേ. യേശു ക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണത്തിലൂടെ ഒരു ദൈവപൈതലിന്റെ ആത്മീയ ജീവിതം ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളുടെ പ്രതീകാത്മക കർമ്മമാണ്. ജലത്തിൽ മുങ്ങിയുള്ള സ്നാനം അനുസരിക്കുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത്.

**സ്നാനത്തിന്റെ നിർവ്വചനം :** ബാപ്റ്റിസോ, എന്ന ഗ്രീക്ക് പദംകൊണ്ട് ഉദ്ദേശിക്കുന്നത്, മുങ്ങുക, മുക്കുക, കീഴ്പ്പെടുത്തുക, മീതെ കവിയുക എന്നൊക്കെയാണ്.

**I ഒരു ദൈവീക കല്പന.**

A-മർക്കോസ് 16:15,16- എല്ലാ വിശ്വാസികളും സ്നാനപ്പെടണം.

B. അപ്പോ :2: 38. പത്രോസ് ഉപദേശിച്ചിരിക്കുന്നു.

**II യോഹന്നാന്റെ ഉപദേശം/ ക്രിസ്തുവിന്റെ മാതൃക.**

A മർക്കോസ്:1 :4,5- മാനസാന്തരത്തെക്കുറിച്ചുള്ള യോഹന്നാന്റെ പ്രസംഗം.

B മത്തായി :3:16-17 - യോഹന്നാൻ സ്നാപകനാൽ ക്രിസ്തു സ്നാനപ്പെട്ടു.

**III ആദിമസഭ ആചരിച്ചു .**

A അപ്പോ :2 :41.- പെന്തക്കോസ്തു നാൾ

B അപ്പോ :8 :12- ശമര്യക്കാരുടെ- മാനസാന്തരം

C . അപ്പോ: 8 : 35-39.- എത്യോപ്യക്കാരൻ

D . അപ്പോ :9:17-18.- അപ്പോസ്തലനായ പൗലോസ്.

E അപ്പോ :10 :44-48.- കൊർന്നൊല്ല്യോസിന്റെ ഭവനക്കാർ.

F അപ്പോ :16 :14-15.-തുയഥൈര്യായിലെ ലുദിയ

G അപ്പോ :16 :30-33.- കാരാഗ്രഹപ്രമാണി.

H അപ്പോ :18 :8.- കൊരിന്ത്യക്കാർ

I അപ്പോ :19 :1-7.- എഫെസോസിലെ ശിഷ്യന്മാർ

**IV സ്നാനം 'ആരുടെ നാമത്തിൽ'**

A മത്തായി : 28 :19.- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും

B അപ്പോ:2 :38.- യേശുക്രിസ്തുവിന്റെ നാമത്തിൽ

C അപ്പോ:10 :48.- കർത്താവിന്റെ നാമത്തിൽ

**V സ്നാനത്തിനുള്ള യോഗ്യതകൾ**

A . അപ്പോ:2 :38.- മാനസാന്തരം

B . അപ്പോ:2 :41.- വചനം കൈക്കൊള്ളുക.

C. അപ്പോ:8 :37.- വിശ്വാസം (മർക്കോസ്. 16:16 അപ്പോ :8:12,18:8)

**VI സ്നാനം പ്രതിനിധീകരിക്കുന്നത്**

A റോമർ:6 :3-4.- ക്രിസ്തുവിന്റെ മരണ അടക്ക പുനഃരുത്ഥാനം

B കൊലൊ:2 :12.- ക്രിസ്തുവിനോടു കൂടെയുള്ള അടക്കവും പുനഃരുത്ഥനവും

**VII പൂർണ്ണമായുള്ള മുഴുകൽ**

A ബാപ്റ്റിസോ എന്ന പദത്തിന്റെ നിർവ്വചനം

B മർക്കൊ:1 :5.- നദിയിൽ സ്നാനപ്പെട്ടു.

C യോഹന്നാൻ:3 :22-23.- യോഹന്നാൻ സ്നാനം കഴിച്ചിടത്ത് വളരെ വെള്ളമുണ്ടായിരുന്നു

D അപ്പൊ:8 :38.- ഫിലിപ്പോസും ഷണ്ഡനും വെള്ളത്തിൽ ഇറങ്ങി.

**VIII സ്നാനത്തിന്റെ ഉദ്ദേശം**

A പത്രോസ്:3 :21.- നല്ലമനസ്സാക്ഷിയ്ക്കായുള്ള സാക്ഷ്യം.

B .അപ്പൊ:2 :41-42.- സഭയുമായുള്ള തിരിച്ചറിയൽ

**ഉപസംഹാരം**

അങ്ങനെ അവർ തേർ നിർത്തുവാൻ കല്പിച്ചു. ഫിലിപ്പോസും ഷണ്ഡനും, ഇരുവരും വെള്ളത്തിൽ ഇറങ്ങി , അവർ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്ന് കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി ഫിലിപ്പോസ് സന്തോഷത്തോടുകൂടി അവന്റെ വഴിയ്ക്ക് പോയി.....

അപ്പൊ. 8:38, 39



## സ്മരണയ്ക്കായുള്ള ഒരു സ്ഥലം

പഴയനിയമകാലത്ത് ജനങ്ങൾ മിക്കപ്പോഴും, ദൈവീക സന്ദർശനമോ വിജയമോ പ്രാപിച്ചശേഷം ഒരു യാഗപീഠം പണിയുന്ന പതിവുണ്ടായിരുന്നു. ദൈവം ചെയ്ത പ്രവർത്തികളെ ഓർമ്മിക്കുവാനുള്ള ഒരു സ്ഥലമായിരുന്നു ഇത്തരം യാഗപീഠങ്ങൾ.

സ്നാനവും ഓരോ ദൈവപൈതലിനും ഓർക്കുവാനുള്ള ഒരു പ്രത്യേകസ്മാരകം തന്നെ. പിശാച് പരിശോധനയും പരീക്ഷയുമായി നമ്മോടു യുദ്ധം ചെയ്യുവാൻ അടുത്തു വരുമ്പോൾ ക്രിസ്തുവിന്റെ മരണപുനഃരുത്ഥാന അനുഭവങ്ങളോട് പങ്കാളിയായി പരസ്യമായി ജലസ്നാനത്തിലൂടെ സമ്പൂർണ്ണ അനുസരണം വെളിപ്പെടുത്തിയ ഓർമ്മയുടെ യാഗപീഠസ്ഥലം ശത്രുവിന്റെ നേരെ ചൂണ്ടിക്കാണിക്കണം. പ്രസ്തുത ഓർമ്മപ്പെടുത്തലിന്റെ സ്മാരകം ശത്രുവിന്മേലുള്ള ശക്തിയേറിയ വിജയത്തിന്റെ ഉറവിടമാണ്.

# ജലസ്നാനം

## ബൈബിൾ പഠന ഉപപാഠം

**യേശു ഒരു മാതൃക വെച്ചിരിക്കുന്നു.**

സ്നാനത്തിനായി സ്നാപക യോഹന്നാൻ, യേശുവിനെ, വെള്ളത്തിന് അടിയിലേയ്ക്ക് മുക്കി. യേശു, വെള്ളത്തിൽ നിന്ന് കയറിയപ്പോൾ സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് പ്രാവ് എന്ന പോലെ അവന്റെ മേൽ വന്നു. 'ഇവൻ എന്റെ പ്രിയ പുത്രൻ: ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം ഉണ്ടായി.' ലോകത്തിലെങ്ങും പോയി സ്നാനം കഴിപ്പിച്ചും, കല്പിച്ചതൊക്കെയും പഠിപ്പിക്കുവാനും ശിഷ്യന്മാർക്ക് നിർദ്ദേശം കൊടുത്തു കൊണ്ടുള്ളതായിരുന്നു യേശുവിന്റെ അവസാന വാക്കുകളിൽ ചിലത്. (മത്തയി 28:19-20)

**സ്നാനം ഒരു കല്പനയാണ്.**

പുതിയ നിയമത്തിൽ വളരെ കുറച്ച് ആചാരങ്ങൾ അഥവ അനുഷ്ഠാനങ്ങൾ അനുവർത്തിക്കേണ്ടതായിട്ടുണ്ട്. സ്നാനം സ്വഭാവത്തിൽ പ്രതീകാത്മകവും, യേശുവിന്റെ മാതൃകയും കല്പനയുമാണ്. അതുകൊണ്ട് പുതിയ നിയമ യുഗത്തിൽ ക്രിസ്ത്യാനികൾ ആചരിക്കേണ്ടതായ മൂന്ന് അനുഷ്ഠാനങ്ങളിൽ ഒന്നാണ് സ്നാനം.

സ്നാനം ദൈവ പ്രവൃത്തിയായ രക്ഷയോട് വളരെ അടുപ്പിച്ച് ചേർത്തിരിക്കുന്നു. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും" ( മാർക്കോസ് 16: 16). മാനസാന്തരപ്പെട്ട എല്ലാ വ്യക്തികളും സ്നാനപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പെന്തക്കൊസ്തുനാളിൽ ജനത്തിന് പാപത്തെക്കുറിച്ച് അനുതാപം ഉണ്ടായിട്ട് ഞങ്ങൾ എന്തുചെയ്യണം എന്ന് പത്രോസിനോട് ചോദിച്ചു. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ" എന്ന് പത്രോസ് മറുപടി പറഞ്ഞു. (അ.പ്ര 2: 37-38). സ്നാനം ഏൽക്കുന്നതിന് തിടുക്കം കാണിക്കാതെ അത് കർത്താവിൽ നിന്നുള്ള ഒരു ദൈവീക കല്പനയെന്നു മനസ്സിലാക്കി ബഹുമാനത്തോടെ അത് ചെയ്യുക.

**സ്നാനത്തിന് ബൈബിളിലെ ഉദാഹരണങ്ങൾ**

പ്രഭാതകാല സഭ (ആദിമ സഭ) സ്നാനം ഉപദേശിക്കുകയും അത് അനുഷ്ഠിക്കുകയും ചെയ്തിരുന്നു. പെന്തക്കൊസ്തു നാളിൽ മൂവായിരത്തോളംപേർ രക്ഷിക്കപ്പെടുകയും സ്നാനം ഏൽക്കുകയും ചെയ്തു. (അ. പ്ര 2:41) . ഫിലിപ്പോസ് ശമര്യയിൽ സുവിശേഷം അറിയിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു. (അ. പ്ര 8:12) . അപ്പോസ്തലനായ പൗലോസ് ദമാസ്ക്കസിലേയ്ക്കുള്ള വഴിമദ്ധ്യേ മാനസാന്തരം സംഭവിച്ചിട്ട് താമസിക്കാതെ സ്നാനപ്പെട്ടു. (അ. പ്ര 9:17-18). കൊർന്നല്യൊസിന്റെ ഭവനത്തിലെ വിജാതിയർ സ്നാനത്തിന് യേശുവിന്റെ മാതൃക സ്വീകരിച്ചു. (അ.പ്ര 10: 14-48). എഫേസോസ്സിലെ ശിഷ്യന്മാരെപ്പോലെ കൊരിന്ത്യരിൽ മാനസാന്തരപ്പെട്ടവർ സ്നാനമേറ്റു. പൗലൊസിനെയും ശീലാസിനേയും കാവൽചെയ്തിരുന്ന കാരാഗ്രഹപ്രമാണി യേശുവിനെ സ്വീകരിച്ച രാത്രിയിൽ തന്നെ സ്നാനമേറ്റു. ( അ. പ്ര 16 : 30-33) രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും സ്നാനത്തിന്റെ ഈ അനുഷ്ഠാനം യേശുക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾ ചെയ്തു പോരുന്നു.

**ഏക നിമജ്ഞനം**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ യേശു,



*വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും. മർക്കോസ് 16 :16*

ശിഷ്യന്മാരോട് നിർദ്ദേശിച്ചു (മത്തായി 28:19). ദൈവത്തിലെ മൂന്ന് വ്യക്തിത്വങ്ങളുടെ നാമത്തിൽ ഒരു നിമജ്ഞനം മാത്രമാണ് ക്രിസ്തുവിന്റെ യഥാർത്ഥ നിർദ്ദേശങ്ങൾ പാലിക്കുന്നവർ ചെയ്യുക.

**അനുഷ്ഠിക്കേണ്ടത് വിശ്വാസികൾ മാത്രം**

സ്നാനം കുട്ടികൾക്കോ, സഭയിൽ അംഗത്വം തേടുന്ന രക്ഷിക്കപ്പെടാത്തവർക്കോ ഉള്ളതല്ല. വിശ്വാസികളുടെ സ്നാനമാണ് വചനം പഠിപ്പിക്കുന്നത്. ഒരു വ്യക്തി സ്നാനപ്പെടുന്നതിനു മുമ്പ് പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട് വേണം സ്നാനപ്പെടുവാൻ. പെന്തക്കൊസ്തു നാളിൽ സ്നാനപ്പെട്ടവർ ദൈവവചനം സ്വീകരിച്ചവർ ആയിരുന്നു. സ്നാനം കർശനമായി വിശ്വാസവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഫിലിപ്പോസ് ഐത്യോപ്യക്കാരനായ ഷണ്ഡനുമായി സുവിശേഷം പങ്കുവച്ചപ്പോൾ സ്നാനം ഏൽക്കുവാൻ എന്തു വിരോധം.? എന്ന് ചോദിച്ചതിന് നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്ന് ഫിലിപ്പോസ് മറുപടി നൽകി. (അ. പ്ര 8: 36-37). മാന

സാന്തരവും, യേശുവിന്റെ രക്ഷിക്കുവാൻ കഴിയുന്ന ശക്തിയിലും ഉള്ള വിശ്വാസമാണ് സ്നാനത്തിന് ഒഴിച്ച്കൂടുവാൻ പാടില്ലാത്ത വ്യവസ്ഥ അഥവ യോഗ്യത. ഒരുവൻ സ്നാനപ്പെടുന്നതിനു മുമ്പ് മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും, ചെയ്യുന്നില്ലെങ്കിൽ അയാളുടെ സ്നാനത്തിന് അർത്ഥമില്ല. രക്ഷ ലഭിക്കുമെന്ന പ്രത്യാശയിൽ കുട്ടികളെയും അവിശ്വാസികളെയും സ്നാനപ്പെടുത്തുമ്പോൾ സ്നാനത്തിന്റെ യഥാർത്ഥമൂല്യവും, ലക്ഷ്യവും നശിപ്പിക്കുകയാണ് ചെയ്യുന്നത്.

**സ്നാനം പാപിയെ രക്ഷിക്കുന്നില്ല**

ജലസ്നാനം ജീവിതത്തിലെ പാപങ്ങളെ കഴുകിക്കളയുകയില്ല. സ്നാനത്തോടുക്കുടി ആത്മീകമായ ശുദ്ധീകരണം നടക്കുന്നില്ല. അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹന്നാൻ 1:7). രക്ഷിക്കപ്പെടാത്ത ഒരുവൻ സ്നാനപ്പെട്ടാൽ പാപിയായി അവൻ വെള്ളത്തിലേയ്ക്ക് മുങ്ങിയതുപോലെ തന്നെ പൊങ്ങിയും വരുന്നു. രക്ഷയും ഹൃദയത്തിന്റെ നിർമ്മലതയും യേശുക്രിസ്തുവിന്റെ രക്തത്താൽ, ദൈവകൃപയാൽ മാത്രം വരുന്നു. വീണ്ടും ജനനം പ്രാപിക്കാത്ത ഒരുവൻ 20 തവണ സ്നാനപ്പെട്ടാലും പാപം നിറഞ്ഞവൻ തന്നെ ആയിരിക്കും. പാപത്തിൽ മരിക്കുന്നില്ല എങ്കിൽ സ്നാനം മൂല്യമില്ലാത്ത നിർജ്ജീവമായ പ്രവർത്തിയാണ്.

**മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പ്രതീകം**

കർത്താവിന്റെ മരണ, അടക്ക പുനരുത്ഥാനത്തിന്റെ പ്രതീകമാണ് സ്നാനം . വീണ്ടും ജനനം പ്രാപിച്ച ഒരു വ്യക്തിയുടെ ജീവിതത്തിൽ വരുന്ന മാറ്റത്തിന്റെ അനുഷ്ഠാനപരമായ പ്രതീകമാണ് സ്നാനം. യേശു ക്രിസ്തുവിനോടു കൂടെ ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നെറ്റതുപൊലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. (റോമർ 6: 3-4). ഒരാൾ ജലത്തിലേയ്ക്ക് മുങ്ങുമ്പോൾ, പഴയജീവിതത്തിലെ പാപിയായ മനുഷ്യന്റെ അടക്കമാണ് പ്രതിനിധാനം ചെയ്യുന്നത്. പുനരുത്ഥാനത്താൽ യേശുക്രിസ്തുവിൽ കൂടി പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി വെള്ളത്തിന്റെ അടിയിൽ നിന്ന് ഉയർന്നു വരുന്നു. ഇവിടെ യഥാർത്ഥത്തിൽ വെള്ളത്താൽ ശുദ്ധീകരണം നടക്കുന്നില്ല, എന്നാൽ യേശുക്രിസ്തുവിന്റെ രക്തത്താൽ മുന്നമേ പ്രാപിച്ച ശുദ്ധികരണത്തിന്റെ സാക്ഷ്യവും പ്രതീകവുമാണ് പ്രഖ്യാപിക്കുന്നത്. വചനത്തോടുള്ള അനുസരണത്താൽ മുദ്രചെയ്യപ്പെടുന്ന ഒരു അനുഭവമാണ് ഇവിടെയുള്ളത്.

**സ്നാനം പൂർണ്ണമായ നിമജ്ജനം ആകുന്നു.**

'ബാപാറ്റിസോ' എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് ബാപ്റ്റിസം എന്ന പദം വന്നത്. നിർവ്വച പ്രകാരം അതിന്റെ അർത്ഥം മുക്കുക, നിമജ്ജനം ചെയ്യുക, താഴ്ത്തുക എന്നൊക്കെയാണ്. നിർവ്വചനം തന്നെസ്നാനത്തിന് തിരുവചന പ്രകാരം സാക്ഷ്യം പറയുന്നത് വെള്ളത്തിന് അടിയിലേയ്ക്കു മുക്കുക എന്നാണ്. അനേകം സഭാവിഭാഗങ്ങൾ വ്യക്തികളുടെമേൽ വെള്ളം തളിച്ചുകൊണ്ടോ , ഒഴിച്ചുകൊണ്ടോസ്നാനം നടത്താറുണ്ട്. ഇത് യേശുവിന്റെ പഠിപ്പിക്കലിനും പദ്ധതിയ്ക്കും വിപരീതമാണ്. തളിക്കലും ഒഴിക്കലുമൊക്കെ സ്നാനത്തിന്റെ മനോഹരമായ പ്രതീകാത്മകമായ സ്വഭാവത്തെ അപര്യാപ്തമാക്കുന്നു. ക്രിസ്തുവിനോടുകൂടി അടക്കപ്പെട്ട് പുനരുത്ഥാനത്താൽ ഉണ്ടാകുന്ന സമ്പൂർണ്ണ മാറ്റമാണ് പൂർണ്ണനിമജ്ജനസ്നാനം പ്രതിനിധീകരിക്കുന്നത്.



പാക്കിസ്ഥാനിൽ, കനാലിൽ വിശ്വാസികളെ സ്നാനപ്പെടുത്തുന്നു.

ബൈബിൾകാലഘട്ടത്തിൽ പൂർണ്ണനിമജ്ജന സ്നാനം നടത്തിയിരുന്നു. സ്നാപകയോഹന്നാൻ യോർദ്ദാനിൽ സ്നാനം കഴിപ്പിച്ചു( മാർക്കോസ് 1:5) യോഹന്നാൻ സ്നാനം കഴിപ്പിച്ചിരുന്നിടത്ത് വളരെ വെള്ളം ഉണ്ടായിരുന്നു എന്ന് യോഹന്നാൻ 3:22-23 വാക്യങ്ങൾ വ്യക്തമാക്കുന്നു. തളിക്കുന്നവർക്കും ഒഴിക്കുന്നവർക്കും ഇത് ഒരുപക്ഷേ പ്രയോജനരഹിതമായിരിക്കാം. ഫിലിപ്പോസും ഷണ്ഡനും ഇരുവരും വെള്ളത്തിലേയ്ക്ക് ഇറങ്ങി (അ.പ്ര 8:38). ഏറ്റവും പ്രധാനം യേശുതന്നെ ജലത്തിൽ പൂർണ്ണ നിമജ്ജന സ്നാനത്തിന്റെ മാതൃക കാണിച്ചിരിക്കുന്നു (മത്തായി 3:16-17).

**ആന്തരികമായ പ്രവർത്തിയുടെ ബാഹ്യമായ ഒരു സാക്ഷ്യം**

ആന്തരികമായ ഒരു ദൈവപ്രവർത്തിയുടെ ബാഹ്യമായ സാക്ഷ്യമാണ് ജലസ്നാനം അത് "ദൈവത്തോടുള്ള നല്ലമനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ (1 പത്രോസ് 3:21). ഒരു നല്ലമനസാക്ഷി സ്നാനത്താൽ സമ്മാനമായി ലഭിക്കുന്നില്ല, പ്രത്യുത അത് ദൈവമുമ്പാകെയുള്ള അനുസരണത്തിന്റെയും നിർമ്മലതയുടെയും പ്രവർത്തിയാണ്. സ്നാനപ്പെട്ട് യേശുവിനെ അനുഗമിക്കുന്ന എല്ലാ ആളുകളും പ്രഖ്യാപിക്കുന്നത് അവർ ക്രിസ്തുവിൽ പുതിയ സൃഷ്ടികളും ദൈവകുടുംബത്തിലെ അംഗങ്ങളും ആകുന്നു എന്നാണ്. വിശ്വാസത്തിന്റെ പരസ്യമായ ഏറ്റുപറച്ചിലും, ക്രിസ്തുവിൽ അത്ഭുതമാർന്ന വ്യക്തിത്വത്തിന്റെ ബാഹ്യപ്രദർശനത്താൽ, ഇനിമേലാൽ ലോകത്തിന്റെ ദാസനല്ല, ക്രിസ്തുവിന്റെ പൈതലാണ് എന്ന പ്രഖ്യാപനവുമാണ് സ്നാനം

MWS

# ചോദ്യവും ഉത്തരവും

## 1. സ്നാനപ്പെട്ടില്ലെങ്കിൽ സ്വർഗ്ഗത്തിൽ പോകുമോ?

“പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല” (യോഹന്നാൻ 3 :3) ദൈവകൃപയാൽ വീണ്ടും ജനനം പ്രാപിച്ച് രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗത്തിൽപോകും. നാം രക്ഷിക്കപ്പെട്ടത് വിശ്വാസത്താലാണ്, പ്രവർത്തികളോ ബാഹ്യമായ അനുഷ്ഠാനങ്ങളോ അതിന് കാരണമല്ല (എഫേസ്യർ 2:8-9). അതിനാൽ സ്നാമെന്ന ഭൗതിക പ്രവർത്തി കൊണ്ട് നാം രക്ഷിക്കപ്പെടുന്നില്ല. ജലത്തിൽ സ്നാനം ഏൽക്കാത്ത ആളുകളും സ്വർഗ്ഗത്തിൽ ഉണ്ടായേക്കാം. പക്ഷേ അവർ യേശുവിന്റെ രക്തത്താൽ പാപക്ഷമ പ്രാപിച്ചവർ ആയിരിക്കും. ക്രൂശിലെ കള്ളൻ ഇതിന് ഉദാഹരണമാണ് പിന്നെ അവൻ : യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ എന്നു പറഞ്ഞു. യേശു അവനോട് : ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു. എന്ന് പറഞ്ഞു (ലൂക്കൊസ് 23: 42-43). കള്ളന് ക്രൂശിൽകിടന്ന് മാനസാന്തരപ്പെടുവാനല്ലാതെ സ്നാനപ്പെടുവാനുള്ള അവസരം ലഭിച്ചില്ല. യേശു അവനെ സ്വീകരിച്ച് നീ പറുദീസയിൽ ഇരിക്കും എന്നു പറഞ്ഞു. രക്ഷയ്ക്കുപേണ്ടി പ്രാർത്ഥിക്കുവാൻ അവസരമുള്ളവർ ഉണ്ട്, പക്ഷേ ജീവിതത്തിൽ സ്നാനത്തിനുള്ള സമയമോ അവസരമോ ലഭിക്കാതെ പോകുന്നു. അവരെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുകയില്ല.


മലവി, ആഫ്രിക്ക

എന്നിരുന്നാലും അവസരം ഉണ്ടായിട്ടും സ്നാനപ്പെടാതിരുന്നാൽ അനുസരണക്കേടാണ്. ഇതുപാപമായി മാറുകയും രക്ഷനഷ്ടമാകുകയും ചെയ്യും.

## 2. എന്തുകൊണ്ടാണ് പത്രോസ് പല തവണ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുവാൻ ജനങ്ങളോട് പറഞ്ഞത് ? യേശു പഠിപ്പിച്ച ത്രിത്വനാമത്തിലുള്ള സ്നാനത്തിന് ഇത് വിപരീതമോ?

മത്തായി 28:19 സ്നാശുശ്രൂഷയെക്കുറിച്ച് വ്യക്തമായി പഠിപ്പിച്ചത് പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാനാണ്.

പെന്തക്കൊസ്തുനാളിൽ പത്രോസ് ജനങ്ങളോട് പറഞ്ഞത് യേശുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവാനാണ്. (അ.പ്ര 2:38) കൊർന്ന്യലൊസിന്റെ ഭവനത്തിൽ സംസാരിക്കുമ്പോഴും യേശുക്രസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാനാണ് പത്രോസ് കല്പിച്ചത് (അ.പ്ര 10:48). യേശു പഠിപ്പിച്ചതിനു വിപരീതമായിട്ടല്ല, പക്ഷേ അന്ന് ഉണ്ടായിരുന്ന വിവിധ സ്നാനങ്ങളിൽ നിന്ന് ക്രി സ്തീയസ്നാനത്തെ വേർതിരിച്ചു കാണുവാനായിരുന്നു പത്രോസ്, അത് ചെയ്തത് . കൂടാതെ മറ്റൊന്ന് ദൈവത്തിൽ എല്ലാവരും വിശ്വസിച്ചിരുന്നു എങ്കിലും യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുകയോ, യേശുവിൽ ദൈവത്തിന്റെ സമ്പൂർണ്ണ ദേഹരൂപം വസിക്കുന്നത് തള്ളിക്കളയുകയോ ചെയ്യുവാനുള്ള സാധ്യത പ്രധാനമായും ശ്രദ്ധിക്കേണ്ടതും ആയിരുന്നു. (കൊലൊസ്യർ 2:9) യേശുവിനെ ഒരിക്കൽ തള്ളിക്കളഞ്ഞവർക്ക് അവരുടെ രക്ഷകനായി യേശുവിലുള്ള വിശ്വാസവും , ഇപ്പോൾ യേശുവിന്റെ ശിഷ്യന്മാർ ആകുന്നു എന്ന ഉറച്ച പ്രഖ്യാപനവും നടത്തുവാൻ നിർദ്ദേശിക്കുകയായിരുന്നു ചെയ്തത്. പത്രോസ്, ത്രിത്വസിദ്ധാന്തം നിരാകരിക്കുക അല്ലായിരുന്നു, അവഗണിച്ചതിന് പ്രാധാന്യം നൽകുക ആയിരുന്നു. ത്രിത്വനാമത്തിൽ സ്നാനം ഏൽക്കുന്നത് ശരിയും വചനാനുസൃതവുമാണ്.

## 3. തെറ്റായ സഭയിൽ നിന്ന് പിന്മാറി ദൈവത്തിന്റെ യഥാർത്ഥ സഭയിലേയ്ക്ക് ആരെങ്കിലും കൂട്ടായ്മയിലേയ്ക്ക് വന്നാൽ അവരെ വീണ്ടും സ്നാനപ്പെടുത്തണമോ?

ദൈവവചനപ്രകാരം അല്ലെങ്കിൽ, സ്നാനം ‘വിശ്വാസിയുടെ സ്നാനം’ അല്ല. ശിശുസ്നാനമോ പാപം ഏറ്റുപറയാതെയുള്ള സ്നാനമോ നടത്തുമ്പോൾ യഥാർത്ഥമായ സ്നാനത്തിന്റെ ലക്ഷ്യവും സാക്ഷ്യവും ഉൾക്കൊള്ളുന്ന അടിത്തറ തകർക്കുകയാണ് ചെയ്യുന്നത്. കൃത്യമായ വീണ്ടും ജനനഅനുഭവത്തിലേയ്ക്ക് ഇങ്ങനെയുള്ളവർ വരുമ്പോൾ അവരെ വീണ്ടും സ്നാനപ്പെടുത്തണം.

ദൈവസഭയിലേയ്ക്കും ദൈവവുമായുള്ള കൂട്ടായ്മയിലേയ്ക്കും ഒരുവനെ കൊണ്ടുവരുന്നത് രക്ഷയാണ്. ഒരു വിശ്വാസിയ്ക്ക് തെറ്റായ കൂട്ടായ്മയിൽ നിന്നും ലഭിച്ച സ്നാനം ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തിയിൽ എന്നതുപൊലെ തന്നെ ദൈവം അയാളുടെ സ്നാനത്തിനോടുള്ള അനുസരണത്തെ മാനിക്കും. ജനം തെറ്റായ സഭവിട്ട് യഥാർത്ഥ ദൈവജനവുമായി കൂട്ടയ്മയിൽ വരുമ്പോൾ അവർ അംഗമായിരുന്ന പഴയകൂട്ടായ്മയിലെ കാര്യങ്ങൾ ഉപേഷിക്കുവാൻ ആഗ്രഹം ഉണ്ടാകും ആ സാക്ഷ്യത്തിന്റെ ഭാഗമായി വീണ്ടും സ്നാനം നൽകാം. പക്ഷേ, ബൈബിൾ അത് കൃത്യമായി ആവശ്യപ്പെടുന്നില്ല, എന്നാൽ തെറ്റായ മതത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ വ്യക്തമായ പ്രഖ്യാപനം സ്വാതന്ത്ര്യത്തിൽ കൂടിനടത്തണമെന്നുള്ളത് മനസ്സിലാക്കാവുന്നതാണ്. തെറ്റായ വിശ്വസം ഉപേക്ഷിച്ചു വരുന്നവർക്ക് വീണ്ടും സ്നാനം നൽകുന്നത് വ്യക്തികളുടെ ആഗ്രഹങ്ങളെ പരിശുദ്ധാത്മാവ് നിയന്ത്രിക്കുന്നത് അനുസരണമായിട്ടാണ്. MWS

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

യഹൂദന്മാരെ സംബന്ധിച്ച് ജലസ്നാനത്തെക്കുറിച്ച് അറിവില്ലാത്ത ഒരു ആചാരമായിരുന്നില്ല യോഹന്നാൻ സ്നാപക മാനസാന്തര സ്നാനത്തെക്കുറിച്ച് അവരോട് പ്രസംഗിച്ച് വന്നിരുന്നു. പഴയ നിയമ കാലത്ത് സ്നാനം യഹൂദാമതത്തിലേക്കുള്ള ഒരു പരിവർത്തന ആചാരമായിരുന്നു. അവിശ്വാസികൾ യഹൂദാ ജനത്തോടുള്ള തങ്ങളുടെ താദാത്മ്യം വ്യക്തമാക്കി പുതു മതത്തിലേക്ക് പ്രവേശിക്കുന്നത് സ്നാനം എന്ന ആചാരത്തിലൂടെയായിരുന്നു.

if Undelivered
Please return to:


**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# അവരെ പ്രബോധിപ്പിക്കേണം

*മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന്റെ കാവൽക്കാരൻ ആക്കിയിരിക്കുന്നു; നീ എന്റെ വായിൽ നിന്നും വചനങ്ങളെ കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം- യെഹെസ്കേൽ 3:17.*

നിങ്ങൾ സുവിശേഷത്തിന്റെ സത്യസന്ധനായ ഒരു ശുശ്രൂഷകൻ ആകുന്നു എങ്കിൽ, ദൈവം നിങ്ങളെ തന്റെ ജനത്തിന് കാവൽക്കാരനായി വച്ചിരിക്കുന്നു. നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ശുശ്രൂഷയുടെ കാവൽഭടനാണ് നിങ്ങൾ. നിങ്ങളുടെ ശുശ്രൂഷ ഒരു തൊഴിൽ അല്ല, മറിച്ച് ദൈവത്തോടും ദൈവജനത്തോടുമുള്ള സമർപ്പണത്തിന്റെ വിളിയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ചു കൊണ്ട് ദൈവവചനം പഠിപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനും ഉത്കൃഷ്ടമായ സ്ഥാനം നൽകുക.



ശത്രു പ്രവർത്തിച്ചു കൊണ്ടിരുന്നിട്ട് ആത്മാക്കൾ അപകടപ്പെട്ടാവുന്ന അവസരത്തിൽ കർത്താവിൽനിന്ന് പ്രബോധനങ്ങൾ അവർക്ക് നൽകുക. അപായ സൂചന നൽകുവാനും ശത്രുവിനെ പുറത്താക്കുവാനും മടിക്കരുത്. കേൾക്കാൻ സുഖമുള്ളതും പ്രോത്സാഹിപ്പിക്കുന്നതുമായ കാര്യങ്ങളാണ് ജനത്തിന് പ്രിയം. അവ പ്രധാന്യമുള്ളതുതന്നെ എങ്കിലും ദൈവീകമായ മുന്നറിയിപ്പുകൾ അവഗണിക്കരുത് . ശുശ്രൂഷകന്മാർ അവരുടെ ഉത്തരവാദിത്വമായ മുന്നറിയിപ്പുകൾ ജനത്തിന് നൽകാത്തതിനാൽ അനേകം കുടുംബങ്ങളും കൂട്ടായ്മകളും സത്യം വിട്ട് കളഞ്ഞ് മറ്റ് കാര്യങ്ങളുമായി അനുരഞ്ജനപ്പെട്ട് പോകുന്നു.

നിങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളും ദൈവത്തിന്റെ പ്രതിനിധികളുമാണ്. നിങ്ങൾ ജനത്തെ പഠിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ബുദ്ധി ഉപദേശിക്കുകയും താക്കീത് ചെയ്യുകയും വേണം.ജനത്തെ സ്നേഹിക്കുകയും അവർക്ക് വേണ്ടി സമർപ്പിക്കുകയും ചെയ്യുക. പരിശുദ്ധിയുടെയും വിശുദ്ധിയുടെയും മാതൃക കാക്കുക. പരീക്ഷ കഠിനപ്പെടുമ്പോൾ സാഹചര്യങ്ങൾ എല്ലാം വ്യത്യസ്തമാകും, എങ്കിലും നിങ്ങൾ കർത്താവിന്റെ ശുശ്രൂഷകരാണെന്ന് ഓർക്കുക. അവൻ തനിക്കുള്ളതിനോടുകൂടെ നിൽക്കുകയും നിങ്ങളുടെ വിശ്വസ്തതയിൽ നിങ്ങളെ ബലപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും.

MWS




Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**